LIBRARY ARCHIVES Kerala Legislative Assembly

ജി.വി.എച്ച്.എസ്.എസ്, അമ്പലവയൽ-9

ഗവ.സാർവജന വി.എച്ച്.എസ്.എസ്, സുൽത്താൻ ബത്തേരി-5

ജി.വി.എച്ച്.എസ്.എസ്, കൽപ്പറ്റ-5

ജി.വി.എച്ച്.എസ്.എസ്.& ടി.എച്ച്.എസ്, സുൽത്താൻബത്തേരി-1

ജി.വി.എച്ച്.എസ്.എസ്, മാനന്തവാടി-1

ജി.വി.എച്ച്.എസ്.എസ്, വാകേരി- 0

ജി.വി.എച്ച്.എസ്.എസ്, വെള്ളാർമല-1

ജി.വി.എച്ച്.എസ്.എസ്, കരിങ്കുറ്റി-2

വയനാട് ഓർഫനേജ് വി.എച്ച്.എസ്, മുട്ടിൽ-0

ഡി.വി.വി.എച്ച്.എസ്, വെളിയമ്പ്രം-3

(ഇ) ഇത്തരത്തിൽ പ്ലസ് വൺ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ പ്ലസ് ടു ക്ലാസ്സിൽ ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പ്ലസ് വൺ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളിൽ ചിലർ പിന്നീട് മറ്റുകോഴ്സുകൾക്ക് ചേരുന്നതിനും മറ്റുസംസ്ഥാനങ്ങളിൽ വിവിധ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്നതിനും പ്ലസ് വൺ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതായി കാണുന്നുണ്ട്. രണ്ടാം വർഷം സ്കൂൾ ട്രാൻസ്ഫർ വാങ്ങി മറ്റൊരു സ്കൂളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളും ഉണ്ട്.

ഉപരിപഠനത്തിന് യോഗ്യത നേടിയ കുട്ടികൾ

216(4226) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് എത്ര കുട്ടികൾ യോഗ്യത നേടിയെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇവർക്ക് ഒരോ ജില്ലയിലും ഹയർസെക്കണ്ടറി തലത്തിൽ നിലവിൽ എത്ര സീറ്റ് ലഭ്യമാണെന്നും ഇപ്പോൾ പ്രഖ്യാപിച്ച സീറ്റ് വർദ്ധനവുകൊണ്ട് ഒരോ ജില്ലയിലും എത്ര സീറ്റുകളുടെ വർദ്ധനവ് ഉണ്ടാകുമെന്നുമുള്ള കണക്കുകൾ ജില്ല തിരിച്ച് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ കുട്ടികളുടേയും ഇവർക്ക് ഓരോ ജില്ലയിലും ഹയർസെക്കണ്ടറി തലത്തിൽ നിലവിൽ എത്ര സീറ്റ് ലഭ്യമാണെന്നും മാർജിനൽ വർദ്ധനവ് വരുത്തുമ്പോൾ ലഭ്യമാകുന്ന സീറ്റുകളുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇപ്പോഴത്തെ വർദ്ധനവ് ഒരോ ജില്ലയിലെയും ഉപരിപഠനത്തിന് പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ?

സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് മേഖലയിലെ സീറ്റുകൾ പരിഗണിക്കുമ്പോൾ പ്രവേശന നടപടികൾ അവസാനിച്ച് കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.

എസ്.എസ്.എൽ.സി. രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി

217 (4227) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ എസ്.എസ്.എൽ.സി. രേഖകൾ സൂക്ഷിക്കുകയും എല്ലാ വർഷവും ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്ന പരീക്ഷാഭവന്റെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കേണ്ടത് അനിവാര്യമാണെന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

പരീക്ഷാ ഭവൻ നടത്തുന്ന എല്ലാ പരീക്ഷകളുടേയും രജിസ്ട്രേഷൻ മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെ ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടത്തുന്നത്. പരീക്ഷാഭവനിലെ ഫയൽ മാനേജ്മെന്റ് സിസ്റ്റം PBMS എന്ന സോഫ്റ്റ്വെയർ മുഖാന്തരമാണ് നടന്നുവരുന്നത്. പരീക്ഷാഭവൻ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കുന്നതുമായി ബന്ധപ്പെട്ട് തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകൾ ഡിജി ലോക്കറിൽ ലഭ്യമാക്കിയിട്ടുണ്ട്. 2016 മുതലുള്ള സർട്ടിഫിക്കറ്റുകൾ ഡിജി ലോക്കറിൽ ലഭ്യമാണ്. 2001 മുതലുള്ള എസ്.എസ്.എൽ.സി. പരീക്ഷാ ഡാറ്റ കമ്പ്യൂട്ടറൈസ്ഡ് ആയിട്ടാണ് ശേഖരിച്ചിട്ടുള്ളത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.